**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലത്ത് ആരംഭിക്കുന്ന പുതിയ മാലിന്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കോതമംഗലം നഗരസഭയെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ; | (എ) | നിലവിൽ കെ.എസ്.ഡബ്ല്യു.എം.പി. ഒന്നാംവർഷ (2022-23) പദ്ധതിയിൽ 96 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഖരമാലിന്യ പരിപാലന പ്ലാൻ അന്തിമമാക്കുന്നതിനു അനുസരിച്ച് തുടർ വർഷങ്ങളിലെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കൂടാതെ കോതമംഗലം നഗരസഭയിലെ കുമ്പളത്തുമുറി ഡംപ് സൈറ്റിലെ മാലിന്യ നിക്ഷേപം ബയോമൈനിംഗ് നടത്തി വീണ്ടെടുക്കുന്നതിന് 6.08 കോടി രൂപയുടെ പദ്ധതി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേനയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വേഗത്തിലാരംഭിയ്ക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കേരള സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രൊജക്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് കോതമംഗലം നഗരസഭയുടെ ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ കൺസൾട്ടേഷൻ മീറ്റിംഗ് നടത്തുകയും, ചർച്ചയിൽ ലഭിച്ച അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് പ്ലാൻ അന്തിമമാക്കുന്നതിനുള്ള നടപടികളും നിലവിൽ ഏറ്റെടുത്തിട്ടുള്ള ഒന്നാം വർഷ പ്രോജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. നിലവിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഒന്നാം വർഷ പദ്ധതികൾ

| ക്രമ നം | സുലേഖ പ്രൊജക്റ്റ് നം | പ്രൊജെക്ടിന്റെ പേര് | വകയിരുത്തിയ തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 186 | ബയോ കംപോസ്റ്റർ ബിൻ സ്ഥാപിക്കൽ - ഇൻസ്റ്റിട്യൂഷണൽ ലെവൽ | 82963 | പൂർത്തീകരിച്ചു |
| 2 | 184 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനം ഒരുക്കൽ | 810406 | |
| 3 | 181 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറെറ്റർ സ്ഥാപിക്കൽ | 397716 | ടെൻഡർ നടപടികൾ നടന്നു വരുന്നു |
| 4 | 185,187,188,189,190,191,192, 193,194,195 | വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് , എം സി എഫ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ | 8281980 | സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ് |
| ഒന്നാം വർഷ പ്രോജെക്ടുകളുടെ ആകെ തുക (രൂപ) : **95,73,065/-** | | | | |

കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ. നം | പ്രൊജക്ട് | വകയിരുത്തിയ തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കോതമംഗലം നഗരസഭയിൽ 6 ആം വാർഡിൽ സ്ഥിതി ചെയ്യുന്ന കുമ്പളത്തുമുറി ഡംപ് സൈറ്റിൽ ബയോമൈനിങ് | 6.08 കോടി | പദ്ധതി ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. പ്രവർത്തികൾ ആരംഭിക്കുവാനായി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. |